# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2737

18.06.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ; | (എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി വരുന്നു. കൂടാതെ കിഫ്ബിയുടെ 5 കോടി, 3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ പുനരുദ്ധാരണം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവ നടത്തി വരുന്നു. ഇതിനായി 8 മുതൽ 12 വരെയുള്ള 4775 സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റും. 1200 സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്ക് പദ്ധതി നടപ്പിലാക്കി. എൽ.പി., യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 156 സ്കൂളുകൾക്ക് 2017-18 വർഷത്തിൽ ഒരുകോടി രൂപ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. അതനുസരിച്ച് ഓരോ സ്കൂളും ഈ വർഷത്തെ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി 'ഹലോ ഇംഗ്ലീഷ്', 'സുരീലി ഹിന്ദി', 'മലയാളത്തിളക്കം' എന്നീ പദ്ധതികളും |

ശാസ്ത്ര വിഷയത്തിൽ നൈപുണ്യം നേടുന്നതിനായി 'ലിറ്റിൽ ഗലീലിയോ', ഗണിത അഭിരുചി വളർത്തുന്നതിനായി 'ഗണിത വിജയം' സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി 'ടാലന്റ് ലാബ്' എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി 'ശ്രദ്ധ', 'നവപ്രഭ' എന്നീ പദ്ധതികളും നടന്നുവരുന്നു.

(ബി) ഈ അദ്ധ്യയന വർഷം, സംസ്ഥാനത്ത്, ഒന്നാം ക്ലാസ്സിൽ എയ്ഡഡ് സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(ബി) ഈ അദ്ധ്യയന വർഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കാലതാമസം നേരിട്ടതിനാൽ ജൂൺ 20-ഓടെ മാത്രമേ എല്ലാ ജില്ലകളിൽ നിന്നുമുള്ള വിവര ശേഖരണം പൂർത്തിയാകുകയുള്ളൂ.

Namitha

സെക്ഷൻ ഓഫീസർ